പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **968**

11.07.2016-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ഭവന നിർമ്മാണം

**ചോദ്യം**

ശ്രീമതി. വീണാ ജോർജ്ജ്

**ഉത്തരം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) വിവിധ ഹൗസിംഗ് സ്കീമുകളിലായി വീട് നിർമ്മാണം തുടങ്ങി പൂർത്തീകരിക്കാത്തവയുടെ ജില്ലതിരിച്ചുള്ള കണക്ക് (എസ്.സി/എസ്.ടി, ജനറൽ എന്നീ വിഭാഗങ്ങളിൽ) ലഭ്യമാക്കുമോ;

(എ) ഭവന നിർമ്മാണ ബോർഡു വഴി വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രകാരം 2013-14-ൽ കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് ചേളന്നൂരിൽ 54 യൂണിറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. എറണാകുളം ചോറ്റാനിക്കരയിൽ 54 യൂണിറ്റുകൾ നിർമ്മിക്കുന്നതിന് കരാർ നൽകിയതിൽ 24 യൂണിറ്റുകളുള്ള ഒരു ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുകയും ബാക്കി 30 യൂണിറ്റുകൾക്ക് മതിയായ തുക ലഭ്യമാകാത്തതിനാൽ പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. 2014-15-ൽ എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ 48 ഫ്ലാറ്റുകൾ, പാലക്കാട് ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകൾ, കാസർഗോഡ് ചെമ്മനാട് 24 യൂണിറ്റുകൾ എന്നിവ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. വിവിധ ജില്ലകളിലായി ഇന്നവേറ്റീവ് പദ്ധതി പ്രകാരമുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഈ പദ്ധതികളൊന്നുംതന്നെ എസ്.സി/എസ്.ടി, ജനറൽ വിഭാഗങ്ങൾക്കായി തരംതിരിച്ചിട്ടില്ലാത്തതാകുന്നു.

ഗൃഹശ്രീ ഭവന പദ്ധതിയിൽ 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ 30.06.2016-ലെ കണക്കു പ്രകാരം എസ്.സി/എസ്.ടി വിഭാഗങ്ങളിൽ 7 ഉം, ജനറൽ വിഭാഗത്തിൽ 929 വീടുകളും പൂർത്തീകരിക്കുവാനുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ആയത് പൂർത്തീകരിക്കുന്നതിനായി സർക്കാർ പദ്ധതി ആവിഷ്കരിക്കുമോ?

(ബി) ആയത് പൂർത്തീകരിക്കുന്നത് സംബന്ധിച്ച പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ